(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

*4 [631] *ശ്രീ. ടി. കെ. ദേവകുമാർ :*
,, എ. കെ. ബാലൻ :
,, കെ. രാധാകൃഷ്ണൻ :
,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിജിലൻസ് വകുപ്പിലേക്ക് പോലീസ് സേനയിലെ അംഗങ്ങളെ എടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്നവരും വരുമാനത്തിൽ കവിഞ്ഞ സ്വത്തു സമ്പാദിച്ചിട്ടുള്ളവരുമായ പോലീസുകാർ വിജിലൻസിൽ കയറിപ്പറ്റുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചു അന്വേഷണം നടത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) വിജിലൻസ് ബ്യൂറോയുടെ നവീകരണത്തിന്റ ഭാഗമായി കൂടുതൽ വാഹനങ്ങൾ, അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. നവീകരണത്തിനായി 2002-2003-ൽ 1,97,98,719 രൂപയും 2003-2004-ൽ 1,06,14,988 രൂപയും ചെലവാക്കിയിട്ടുണ്ട്. 2004-2005-ൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിജിലൻസ് ബ്യൂറോയിൽ കെട്ടികിടക്കുന്ന പഴക്കം ചെന്ന വിജിലൻസ് കേസുകളുടെയും വിജിലൻസ് അന്വേഷണങ്ങളുടെയും എണ്ണം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിച്ച് തുടർന്ന് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് ബ്യൂറോയിൽ ജോലി ചെയ്യാൻ താല്പര്യവും യോഗ്യതയും ഉള്ള പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരു വിവരങ്ങൾ അടങ്ങിയ പാനൽ ബന്ധപ്പെട്ട യൂണിറ്റ് മേധാവികളിൽ നിന്നും വിജിലൻസ് ബ്യൂറോയുടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കിയതിനുശേഷം പ്രസ്തുത ഉദ്യോഗസ്ഥൻമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

പൂർവ്വകാല സർവ്വീസും മറ്റുകാര്യങ്ങളും സംബന്ധിച്ച രഹസ്യമായ അന്വേഷണം നടത്തി വിജിലൻസ് ബ്യൂറോയിൽ ജോലി ചെയ്യാൻ യോഗ്യരാണെന്ന് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത ഉദ്യോഗസ്ഥൻമാരെ വിജിലൻസ് ബ്യൂറോയിൽ നിയമിക്കുന്നതിനുള്ള ശുപാർശകൾ പോലീസ് ഡയറക്ടർ ജനറലിനും സർക്കാരിനും സമർപ്പിക്കും. അതിനുശേഷം സർക്കാരിൽനിന്നും പോലീസ് വകുപ്പിൽനിന്നും പ്രസ്തുത ഉദ്യോഗസ്ഥൻമാരെ വിജിലൻസ് ബ്യൂറോയിലേക്ക് നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കും.

(സി) വിജിലൻസ് കേസിൽ പ്രതികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ ആരുംതന്നെ ഇപ്പോൾ വിജിലൻസ് ബ്യൂറോയിൽ ജോലി ചെയ്യുന്നില്ല. എന്നാൽ മൂന്ന് ഉദ്യോഗസ്ഥൻമാർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി

*5 [632] *ശ്രീ. മത്തായി ചാക്കോ :*

,, *പിരപ്പൻകോട് മുരളി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ പ്രവർത്തനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ എത്രത്തോളം പ്രാവർത്തികമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് 'ജിം'-ൽ സമർപ്പിച്ചിരുന്ന പദ്ധതികൾ എന്തൊക്കെയായിരുന്നു;

(സി) ഈ പദ്ധതികൾക്കായി ഏതെല്ലാം സ്ഥാപനങ്ങൾ താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി;

(ഡി) 'ജിം'-ൽ ലഭിച്ച എത്ര പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏതെല്ലാം ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്;

(ഇ) സ്വകാര്യ പങ്കാളിത്തം ലഭ്യമാക്കുകയാണെങ്കിൽ ഉണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പങ്കാളിത്തം പാവപ്പെട്ടവർക്ക് ചികിത്സ നിഷേധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുമെന്ന് കരുതുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly